## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6061** **19/11/2019 ൽ മറുപടിക്ക്**

**<u>മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലെ ബി ക്ലാസ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 2014, 2016, 2019 എന്നീ വർഷങ്ങളിലെ 28 മാസത്തെ ശമ്പള കുടിശ്ശിക നൽകാനുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വാർഷിക വരുമാന പരിധി 25 ലക്ഷം വരെയുള്ള ക്ഷേത്രങ്ങളാണ് 'ബി ' ഗ്രേഡിൽ ഉൾപ്പെടുന്നത്. ക്ഷേത്രങ്ങളുടെ അസസ്സിബിൾ വരുമാനത്തിന്റെ 50% വരുന്ന സംഖ്യ ഓരോ മാസവും ജീവനക്കാരുടെ ശമ്പള ചെലവിലേക്ക് നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മാറ്റി വച്ചിട്ടും ജീവനക്കാരുടെ ശമ്പളത്തിന് തികയാതെ വരുന്ന സംഖ്യ നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകിവരുന്നുണ്ട്. മാനേജ്മെന്റ് ഫണ്ട് ലഭിക്കുന്നതിനുള്ള ക്ഷേത്രങ്ങളുടെ വരുമാന പരിധി 15 ലക്ഷം രൂപ ആയിരുന്നത് 3/9/2019 ലെ സ.ഉ. (കൈ) നം. 277/19/റവ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയായി സർക്കാർ ഉയർത്തി നൽകിയിട്ടുണ്ട്. അപ്രകാരം 'ബി' ഗ്രേഡിൽപ്പെടുന്ന കുറച്ച് ക്ഷേത്രങ്ങൾ കൂടി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം ലഭിക്കുന്നില്ലയെന്ന പരാതി ഒരു പരിധി വരെ പരിഹരിക്കപ്പെട്ടിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | എന്നിരുന്നാലും 20 ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള ' ബി ' ഗ്രേഡ്, 'എ ' ഗ്രേഡ് ക്ഷേത്രങ്ങളിൽ ദൈനംദിന ക്ഷേത്രം നടത്തിപ്പിലെ ഭാരിച്ച ചെലവും എന്നാൽ അതനുസരിച്ച് വരുമാന വർദ്ധനവ് ഇല്ലാത്തതും മറ്റ് കാരണങ്ങളാലും ജീവനക്കാർക്ക് മുഴുവൻ ശമ്പളവും ക്ഷേത്രത്തിൽ നിന്ന് നൽകാൻ സാധിക്കാതെ ശമ്പളം കുടിശ്ശികയായി നൽകുന്ന സ്ഥിതി വിശേഷം ഉണ്ടെന്നുള്ളത് വാസ്തവമാണ്. ചെലവുകൾ പരിമിതപ്പെടുത്തി ക്ഷേത്ര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിൽകൂടി മാത്രമേ ക്ഷേത്ര ജീവനക്കാരുടെ ശമ്പള വിതരണത്തിൽ ഓരോ ക്ഷേത്രത്തിനും സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂവെന്നു ബോർഡ് കമ്മീണർ അറിയിച്ചിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും സ്വതന്ത്ര യൂണിറ്റുകളായതിനാൽ ഓരോ ക്ഷേത്രത്തിലെയും ജീവനക്കാർക്ക് ശമ്പളം അതാത് ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള ഉത്തരവാദിത്തം നിയമനാധികാരിയായ അതാത് ക്ഷേത്രം ട്രസ്റ്റിമാർക്കാണുള്ളത്. 20 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഒരു വിഹിതം, മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് വഴി സർക്കാർ ഗ്രാന്റ് ഉപയോഗിച്ച്, മലബാർ ദേവസ്വം ബോർഡ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ